# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **4977** **24.07.2015** - ൽ മറുപടിക്ക്

## കാസർഗോഡ് നഗരത്തിലെ ജല വിതരണം

| ചോദ്യം<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന് | | മറുപടി<br>പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കാസർഗോഡ് നഗരത്തിൽ ജല വിതരണത്തിന് സ്ഥാപിച്ചിട്ടുള്ള പൈപ്പുകൾക്ക് എത്ര കൊല്ലത്തെ കാലപ്പഴക്കം ഉണ്ട്; | (എ) | കാസർഗോഡ് ശുദ്ധജല വിതരണപദ്ധതിയിൽ കാസർഗോഡ് നഗരത്തിലുള്ള പൈപ്പുകൾക്ക് 20 മുതൽ 30 വർഷം വരെ കാലപ്പഴക്കം ഉള്ളവയാണ്. |
| (ബി) | കാലപ്പഴക്കം ചെന്ന പൈപ്പുകൾ അടിക്കടി പൊട്ടുന്നത് കൊണ്ട് കുടിവെള്ളം പാഴായി പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | പൈപ്പുകൾ കേടായി വെള്ളം പാഴായി പോകുന്നത് ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തിയാൽ അത് നന്നാക്കാൻ കാലതാമസം വരുന്ന സ്ഥിതിക്ക് പരിഹാരമുണ്ടാക്കാൻ പരാതികൾ രജിസ്റ്റർ ചെയ്യാനും സത്വര പരിഹാര നടപടികൾ സ്വീകരിക്കാനും തലസ്ഥാന നഗരത്തിലേതു പോലെ സ്ഥിരം സംവിധാനം ഏർപ്പെടുത്തുമോ ? | (സി) | പൈപ്പുകൾ കേടായത് ശ്രദ്ധയിൽപ്പെട്ടാൽ റണ്ണിംഗ് കോൺട്രാക്ട് മുഖേന സമയബന്ധിതമായി അറ്റകുറ്റപണികൾ നടത്തി വരുന്നുണ്ട്. തിരുവനന്തപുരത്തും കോഴിക്കോടും നിലവിലുള്ളതുപോലെ ബ്ലൂ ബ്രിഗേഡ് സംവിധാനം മറ്റു ജില്ലകളിൽ നടപ്പിലാക്കുന്നത് പരിഗണിക്കുമ്പോൾ കാസർഗോഡും പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ